LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പാക്കിയ ഒരു പദ്ധതിയാണ് മോഡൽ കോളനി വികസനം പദ്ധതി. സംസ്ഥാനത്തെ അഞ്ച് കോളനികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കാരാപ്പുഴ, വാകേരി, കുഞ്ഞോം എന്നിവയാണ് ഈ അഞ്ച് കോളനികൾ.

(ബി) ഉണ്ട്. കൊല്ലം ജില്ലയിൽ ഇപ്രകാരം തെരഞ്ഞെടുത്ത കോളനിയാണ് കുരിയോട്ടുമല.

(സി) ഓരോ കോളനിയിലും 25 വീടുകൾ വീതം 125 വീടുകൾ നിർമ്മിക്കാനാണ് ആദ്യഘട്ട പ്രവർത്തനം ആരംഭിച്ചത്. ഇതിനെത്തുടർന്ന് ടി കോളനികളിൽ ആവശ്യമായ റോഡ്, പാലം എന്നിവ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക, വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കുക, ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സൗജന്യ ചികിത്സ

277 (622) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് എത്ര രൂപ വരെയുള്ള സൗജന്യ ചികിത്സയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) രോഗിയിൽനിന്നും പരിധിയിൽ കൂടുതൽ ഈടാക്കുന്ന തുക റീ ഇംബേഴ്സ് ചെയ്ത് നൽകുവാൻ സംവിധാനമുണ്ടോ ; എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം സൗകര്യങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ പട്ടികവർഗ്ഗ വിഭാഗക്കാർക്കും സൗജന്യ ചികിത്സയാണ് സർക്കാർ ആശുപത്രികളിൽ ലഭിച്ചുവരുന്നത്.

(സി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകളും ഇതുമായി ബന്ധപ്പെട്ട ആശുപത്രികളും, കണ്ണൂർ ജില്ലയിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം കണ്ണാശുപത്രി എന്നീ സ്ഥാപനങ്ങൾ വഴി ഈ പദ്ധതി നടപ്പാക്കുന്നു. കൂടാതെ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും മുകളിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളുടെ സൂപ്രണ്ടുമാർക്കും പട്ടികവർഗ്ഗ വികസന വകപ്പ് ഡയറക്ടർ മുഖാന്തിരം തുക അനുവദിക്കുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ അവരുടെ അധീനതയിലുള്ള ജില്ലാ താലൂക്ക് ആശുപത്രികൾക്കും പട്ടികവർഗ്ഗക്കാർ ചികിത്സ തേടിയെത്തുന്നതിന്റെ കണക്കനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും ആവശ്യാനുസരണം തുക അനുവദിക്കുന്നുണ്ട്.

ബഡ്ജറ്റിൽ വകയിരുത്തിയ തുക

278 (624) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാരുടെ ശാക്തീകരണത്തിനും കാര്യപ്രാപ്തി മെച്ചപ്പെടുത്തുന്നതിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഇതിലേക്കായി വകയിരുത്തിയ തുക വക മാറ്റുകയുണ്ടായോ ; എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഇതിലേക്കായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തി എന്നും എത്ര തുക ചെലവഴിച്ചുവെന്നും എത്ര തുക വകമാറ്റി ചെലവഴിച്ചുവെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly